# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

മംഗളവാർത്ത നാലാം ഞായർ

2023 ഡിസംബർ 24





# ഉപേക്ഷിക്കലിനും സ്വീകരിക്കലിനും ഇടയിലുള്ളത്

പുറ 34:1–9; സഖ 2:7–13; വെളി 21:1–7; മത്താ 1:18–24

## ദൈവത്തിന്റെ കളികൾ

ആറു പ്രസവിക്കുകയും അഞ്ച് മക്കൾ ആയുസ്സോടെ ബാക്കിനില്ക്കുകയും ചെയ്ത അവസരത്തിലായിരുന്നു ആ അമ്മ ഏഴാമതും ഗർഭിണിയായത്. അപ്പോൾ അമ്മയ്ക്ക് നാല്പതിലേറെ വയസും അച്ഛന് അമ്പതിനടുത്ത പ്രായവുമുണ്ടായിരുന്നു. തീരെ പ്രതീക്ഷിക്കാത്ത ആ ഗർഭധാരണത്തെ മനസ്സുകൊണ്ട് അംഗീകരിക്കാൻ ഇരുവർക്കും ബുദ്ധി മുട്ടുണ്ടായിരുന്നു. എങ്കിലും കുട്ടി ജനിച്ചതോടെ അവൻ എല്ലാവരുടെയും പ്രിയപ്പെട്ടവനായി മാറി.

കാലം കടന്നുപോയി. അഞ്ചു മക്കളും അവരവരുടെ ജീവിതങ്ങളുമായി പങ്ക് പിരിഞ്ഞു. ആറാമനും ജീവിതമാർഗ്ഗത്തിനായി വീടും നാടും വിട്ടു. കൂട്ടുവിട്ടുപോയവരെയെല്ലാം തിരികെ കൂട്ടിലെത്തിച്ച കൊറോണക്കാലം അവനെയും തിരികെ കൊണ്ടുവന്നു, ജോലിരഹിതനും കടക്കാരനുമായി. അപ്പോഴേക്കും അമ്മ സ്മൃതിനാശത്തിന്റെ വഴുവഴുപ്പുള്ള വഴികളിലൂടെ ഇടയ്ക്ക് പാവാടക്കാരിയായും വേറെ ചിലനേരങ്ങളിൽ പെറ്റമ്മയെ കാണണമെന്ന് വാശിപിടിച്ചു കരയുന്ന കൈക്കുഞ്ഞുമൊക്കെയായി മാറിക്കഴിഞ്ഞിരുന്നു. പിന്നെ ഒരു വീഴ്ചയെതുടർന്ന് പരിപൂർണ്ണമായും ശയ്യാവലംബിയും.

പിന്നീട് അമ്മ യാത്ര പറയുന്നതുവരെ ഒരു പിഞ്ചുകുഞ്ഞിനെയെന്നതുപോലെ അമ്മയെ പരിചരിച്ചത് അവനായിരുന്നു. നേരംതെറ്റിയും കാലംതെറ്റിയും പിറന്നുവീണ അവൻ അമ്മയെ കൈക്കുഞ്ഞിനെയെന്നതുപോലെ പരിചരിക്കുന്നത് പതിവാക്കിയ ഏതോ ദിവസങ്ങളിലൊന്നിലാണ് അച്ഛൻ അത് അവനോട് പറഞ്ഞത്.

## ‘ദൈവത്തിന്റെ ഓരോരോ കളികൾ’

‘എന്തുകളി’യെന്ന് അവൻ ചോദിച്ചപ്പോൾ അച്ഛൻ കണ്ണുനിറഞ്ഞു പറഞ്ഞു: “നീയുള്ളതുകൊണ്ടല്ലേ നിന്റെ അമ്മ ഇത്രയും ഭംഗിയായി ഈ അവസ്ഥയിലും ജീവിക്കുന്നത്? നീയില്ലായിരുന്നുവെങ്കിൽ അവള് പുഴുത്തുചാകുമായിരുന്നു”

തന്റെ ജീവിതംകൊണ്ട് ആർക്കെങ്കിലും ഒരാൾക്ക് പ്രയോജനമുണ്ടാവുന്നുണ്ടല്ലോയെന്ന് ആദ്യമായി മനസ്സിലാക്കിയത് അന്നായിരുന്നുവെന്നും ആ സംതൃപ്തി മാത്രം മതി ഇനിയുള്ള ജീവിതമത്രയുമെന്നും അവൻ അന്ന് രാത്രിയിൽ ഡയറിയിൽ കുറിച്ചുവച്ചു.




വിനായക് നിർമ്മൽ

## ജനനത്തിന് പിന്നിലെ നിയോഗങ്ങൾ

ബൈബിളിലുടനീളം കണ്ടുമുട്ടുന്ന കഥാപാത്രങ്ങളെല്ലാം നിയോഗങ്ങളുള്ളവരായിരുന്നു. മോശയും അഹറോനും ജോഷ്വായും പൂർവ്വയൗസേപ്പും പുതിയ കാലത്തിലെത്തുമ്പോൾ ക്രിസ്തുവും എന്തിന് ഒറ്റുകാരൻ യൂദാസ് വരെ നിയോഗങ്ങളുള്ളവരായിരുന്നു. ക്രിസ്തുവിനെ ഒറ്റുകൊടുക്കുക എന്ന നിയോഗത്തിലൂടെ അറിയാതെയാണെങ്കിലും യൂദാസ് മാനവരക്ഷയ്ക്ക് നിമിത്തമാവുകയായിരുന്നുവല്ലോ ചെയ്തത്?

ഓരോ ജനനങ്ങൾക്ക് പിന്നിലും ഓരോ നിയോഗങ്ങളുണ്ട്. വലിയ ദൗത്യങ്ങൾ ഏറ്റെടുത്തു നിർവഹിക്കുന്നവരുടെ ജീവിതങ്ങളെ മാത്രമേ നാം കാണുന്നുള്ളൂവെന്നതുകൊണ്ട് അത്ര ശോഭയും മനോഹാരിതയും ഇല്ലാത്ത ജീവിതങ്ങൾക്ക് നിയോഗമില്ലെന്ന് തെറ്റിദ്ധരിക്കരുത്. താഴേക്കിടയിലുള്ളതെന്ന് ചിലരൊക്കെ വില കുറച്ചു പറയുന്ന ജോലി ചെയ്തു ജീവിക്കുന്നവർ പോലും നിയോഗങ്ങളുള്ളവരാണ്. അവരൊക്കെ തങ്ങളുടെ കടമകൾ ജോലിയുടെ ഭാഗമായി നിർവഹിക്കുന്നതുകൊണ്ടാണ് ചെരിപ്പ് പൊട്ടിപ്പോകുമ്പോഴും കുട കേടാകുമ്പോഴും പറമ്പിൽ കാട് വളരുമ്പോഴും നമുക്കവർ സഹായികളാകുന്നത്.

ചിലരുടെ നിയോഗം ഒറ്റപ്പെട്ട ഇടങ്ങളിലും വ്യക്തികളിലും പരിമിതപ്പെട്ടുപോവുകയും നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ നിയോഗം അങ്ങനെയുള്ളതായിരുന്നില്ല. അങ്ങനെയാണ് ക്രിസ്തുവിന്റെ നിയോഗം നമ്മുടെ ധ്യാനവിഷയവും രക്ഷയുടെ അച്ചാരവുമാകുന്നത്.

കാഴ്ചപ്പാടുകൾ വലുതാക്കുക, ലോകത്തെ മുഴുവൻ ഒരുമിച്ചു കാണുക, ഇതാണ് ക്രിസ്തു നമുക്ക് മുമ്പിലുയർത്തുന്ന വെല്ലുവിളി. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കുക, ഇതായിരുന്നു ക്രിസ്തുവിന്റെ ദൗത്യം. ഇതായിരുന്നു അവിടുത്തെ ജന്മനിയോഗവും.

ഇന്നും നമുക്ക് ചുറ്റിനും ആരൊക്കെയോ ഏതൊക്കെയോ വിധത്തിൽ ചുറ്റിവരിയപ്പെട്ട് കഴിയുന്നുണ്ട്. പലതരത്തിലുള്ള അടിമത്തങ്ങൾ. പക്ഷേ കെട്ടിവരിഞ്ഞിരിക്കുന്ന അത്തരം ചുറ്റുപാടുകളിൽനിന്ന് ഒരാളെയെങ്കിലും മോചിപ്പിക്കുവാൻ ഇന്നേവരെ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

## ജോസഫിന്റെ തീരുമാനങ്ങൾ

ഉപേക്ഷിക്കലിനും സ്വീകരിക്കലിനും ഇടയിലുള്ള ഓപ്ഷന്റെ പേരാണ് ജീവിതം. ഒരു നിമിഷം നമ്മൾ വേണ്ടെന്ന് വയ്ക്കുന്നത് അടുത്ത നിമിഷം സ്വീകരിക്കാൻ തയ്യാറാവുന്നു. ഉപേക്ഷിക്കാൻ തയ്യാറായത് അതിന്റെ ഗുണത്തെക്കുറിച്ച് ഉറപ്പില്ലാത്തതുകൊണ്ടും സംശയം അവശേഷിക്കുന്നതുകൊണ്ടുമാണ്. സ്വീകരിക്കാൻ തയ്യാറാകുന്നതോടെ വലിയൊരു വെല്ലുവിളിയുടെ ഏറ്റെടുക്കലാണ് സംഭവിക്കുന്നത്. ജോസഫിന്റെ ജീവിതത്തിൽ നാം കാണുന്നത് അതാണ്.

## ഉപേക്ഷിക്കാൻ തീരുമാനിച്ചു, സ്വീകരിച്ചു

ഈ വചനഭാഗത്ത് ശ്രദ്ധേയമായി തോന്നിയ രണ്ടു വാചകങ്ങൾ ഇവയാണ്. ഉപേക്ഷിക്കലിനും സ്വീകരിക്കലിനും ഇടയിൽ ഒരു അത്ഭുതം സംഭവിക്കുന്നുണ്ട്. ആ അത്ഭുതമാണ് യേശു. മറിയം ഗർഭിണിയാണെന്ന് അറിയുമ്പോൾ ഉപേക്ഷിക്കാൻ തീരുമാനിക്കുന്ന ജോസഫ്, മാലാഖയുടെ വിശദീകരണം ലഭിക്കുന്നതോടെ മറിയത്തെ സ്വീകരിക്കാൻ തീരുമാനിക്കുന്നു.

ചിലതൊക്കെ നമ്മൾ വേണ്ടെന്ന് വയ്ക്കുന്നത് മാനുഷികമായിട്ടായിരിക്കും. എന്നാൽ ദൈവസ്വരത്തിന് കാതുകൊടുക്കുമ്പോൾ ചിലതിനെയൊക്കെ സ്വീകരിക്കാൻ നാം സന്നദ്ധരാവും. നീ പോയി ഒരു വേശ്യയെ വിവാഹം ചെയ്ത് അവളിൽനിന്ന് മക്കളെ നേടുക എന്ന് ഹോസിയാ പ്രവാചകനോട് ദൈവം ആവശ്യപ്പെട്ടതുപോലെ. ഏക മകനെ ബലികൊടുക്കാൻ അബ്രാഹത്തിനോട് ആവശ്യപ്പെട്ടതുപോലെ.

കേൾക്കുന്ന മാത്രയിൽ അസാധ്യമെന്നും അസഹനീയമെന്നും തോന്നുമ്പോഴും ദൈവസ്വരത്തിന് കീഴടങ്ങാൻ സന്നദ്ധമാകുമ്പോൾ അവിടെ അത്ഭുതം സംഭവിക്കുന്നു. ഏതിനെയും മനസ്സാ സ്വീകരിക്കാനുള്ള സന്നദ്ധതയുടെ പേരാണ് ദൈവസ്വരത്തിന് കാതോർക്കൽ. മനുഷ്യർ പറഞ്ഞതുകേട്ട് എടുക്കുന്ന തീരുമാനങ്ങൾ വഴിതെറ്റിച്ചേക്കാമെങ്കിലും ദൈവത്തോട് ആലോചിച്ച് നടപ്പിലാക്കുന്ന തീരുമാനങ്ങൾ എവിടെയാണ് തെറ്റിപ്പോയിട്ടുള്ളത്?

## തീരുമാനങ്ങളുടെ വില

ജീവിതത്തിൽ നടപ്പിലാക്കുന്ന തീരുമാനങ്ങൾക്കെല്ലാം വില കൊടുക്കേണ്ടതുണ്ട്. തെറ്റിപ്പോകുന്ന തീരുമാനങ്ങളുടെ പേരിൽ പഴി കേൾക്കുന്നവർ ഒരിക്കലും നല്ല തീരുമാനങ്ങളുടെ പേരിൽ പ്രശംസിക്കപ്പെടാറില്ല. സത്യത്തിൽ ജോസഫിന്റെ തീരുമാനമാണ് തിരുക്കുടുംബത്തിന് രൂപം കൊടുത്തത്. അല്ലെങ്കിലും ദൈവത്തിന്റെ തീരുമാനങ്ങൾക്ക് മാറ്റമുണ്ടാവില്ലല്ലോ?

നിനവെയിലേക്ക് അയച്ചവൻ വഴി മറന്ന് താർസീസിലേക്ക് വണ്ടി മാറിക്കയറുമ്പോഴും അവനെ നിനവെയിൽ തന്നെയെത്തിച്ചവനാണ് ദൈവം. മനുഷ്യന്റെ തീരുമാനങ്ങൾ തെറ്റിപ്പോയേക്കാം. എന്നാൽ ദൈവത്തിന്റെ തീരുമാനങ്ങൾ ഒരിക്കലും തെറ്റിപ്പോവുകയില്ല. പക്ഷേ ദൈവത്തിന്റെ തീരുമാനങ്ങളെ മനുഷ്യർ ചിലപ്പോൾ തെറ്റിയെഴുതാൻ സാധ്യതയുണ്ട്.

അപ്പോഴും തെറ്റിപ്പോയതിനെ നേർവഴിയിലെഴുതാൻ ദൈവം സന്നദ്ധനാകും. ഏതൊക്കെ തരത്തിൽ തെറ്റിപ്പോകാമായിരുന്ന ജീവിതങ്ങളായിരുന്നു ജോസഫിന്റെയും മറിയത്തിന്റേതും. എന്നിട്ടും ആ ജീവിതങ്ങൾ നേരെഴുത്തുകളായി മാറ്റിയെഴുതിയത് ദൈവത്തിന്റെ തീരുമാനങ്ങൾ അവർക്ക് മീതെ നടപ്പിലാക്കപ്പെട്ടതുകൊണ്ടാണ്.

അടുത്തയിടെ ഒരു വ്യക്തി കടന്നുപോകുന്ന ഒരു പ്രശ്നത്തിന് പരിഹാരമായി എന്നോട് നിർദ്ദേശിച്ചത് ഇതായിരുന്നു. "മാനുഷികമായി ഈ വിഷയത്തിൽ തീരുമാനമെടുക്കാതിരിക്കുക. ദൈവത്തിന് മുമ്പിൽ കുറച്ചുനേരം ഇരുന്നതിന് ശേഷം ദൈവം പറയുന്നതുപോലെ ചെയ്യുക."

ദൈവം പറയുന്നതുപോലെ ചെയ്യാൻ മനസ്സാക്ഷിയുടെ സ്വരം കേട്ടാൽ മതി. അതുകൊണ്ട് ജീവിതത്തിൽ തീരുമാനമെടുക്കാൻ കഴിയാതെ വിഷമിക്കുന്ന എല്ലാവരോടും എന്നോട് തന്നെയും എനിക്ക് പറയാനുള്ളത് ഇത്ര മാത്രമേയുള്ളൂ: ദൈവത്തിന്റെ മുമ്പിൽ സ്വസ്ഥനും ശാന്തനുമായിരിക്കുക. അവിടുന്ന് പറയുന്നത് കേൾക്കുക. ആ തീരുമാനം നടപ്പിലാക്കുക. അത് നല്ല തീരുമാനമായിരിക്കും. സ്വന്തം ജീവിത നിയോഗം തിരിച്ചറിയാനും പ്രവർത്തിക്കാനും ഇതേറെ സഹായകരമായിരിക്കും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com